DESPATCHED
On 17/3/23



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 2036(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 17989/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2023 മാർച്ച് 9**

ശ്രീ. സി.വി.രാജൻ,
ചെല്ലമഴികം,
പരുത്തിപ്പാറ, നാലാഞ്ചിറ പി.ഒ.,
തിരുവനന്തപുരം – 695 015. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സുപ്രണ്ട്,
റവന്യൂ ഡിവിഷണൽ ഓഫീസ്,
തിരുവനന്തപുരം.
2) അപ്പീൽ അധികാരി & സബ് കളക്ടർ,
റവന്യൂ ഡിവിഷണൽ ഓഫീസ്
തിരുവനന്തപുരം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 02/07/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 03/08/2022 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 01/08/2022, 21/08/2022, 30/09/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 03/10/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 24/11/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 29/11/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19/11/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 24/11/2023 |
| ഹിയറിംഗ് നടന്ന തീയതി | 08/03/2023 – ആഡിയോ/വീഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എതിർകക്ഷികൾ | ഹാജരായി |

## ഉത്തരവ്

ശ്രീ. സിവി.രാജൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരന്റെ വസ്തു സംബന്ധമായ വിഷയങ്ങളിൽ നൽകിയ മറുപടികൾ ശരിയല്ലാ എന്നും ഇതുമായി ബന്ധപ്പെട്ട ഫയലുകൾ കമ്മീഷൻ വിളിച്ചു വരുത്തിയും നേരിൽ കേട്ടും ടിയാന്റെ തർക്കത്തിന് പരിഹാരം കാണണമെന്നുമാണ് പരാതി.

2. ഹർജിക്കാരൻ തിരുവനന്തപുരം റവന്യു ഡിവിഷണൽ ആഫീസർ മുമ്പാകെ 02.07.2022 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത്, RDO TVM/5691/2022 dated 22.06.2022-ലെ നമ്പർ കത്തിലെ താഴെ പറയുന്ന വിവരങ്ങൾ അറിയിക്കണമെന്നാണ്:

i. 22.06.2022-ലെ RDO TVM/5691/2022 നമ്പർ പ്രകാരമുള്ള പരിശോധനയിൽ 19.5.2022, 10.6.2022 എന്നീ തീയതിയിലെ ഹിയറിംഗ് പ്രകാരം റീ-സർവ്വെ 732/51, 60 എന്നീ സബ് ഡിവിഷനുകളിൽ റീസർവ്വെക്കു മുമ്പുള്ള റെക്കോർഡുകൾ സഹിതം പരിശോധിച്ച് അധികഭൂമി കൈവശമുണ്ടോ എന്ന് കണ്ടെത്തിയിട്ടുണ്ടോ എന്നും

ii. റീസർവ്വെ 732/51, 60 എന്നീ സബ് ഡിവിഷനുകളിൽ ഉൾപ്പെട്ട വസ്തുവിന് 3817/61-ാം നമ്പരിൽ മറ്റൊരാധാരവും നിലവിലുണ്ടെന്നുള്ള വിവരം ടി ഓഫീസ് പരിശോധിച്ചിട്ടുണ്ടോ എന്നും

iii. അനധികൃത പോക്ക് വരവിലൂടെയും വിസ്തൃതി വ്യതിയാനത്തിലൂടെയും റീ-സർവ്വെ 732/51 എന്ന സബ് ഡിവിഷന്റെ ഉടമയായ ശ്രീ. ശശികുമാറിന്റെ പക്കൽ എത്തിച്ചേർന്നിട്ടുള്ള കൈമാറ്റം ചെയ്യപ്പെടാനാകാതെയുള്ള 0.19 ച.മീ. നീക്കി മുതലായി അവശേഷിക്കുന്നത് ടി ഓഫീസ് പരിശോധിച്ചിട്ടുണ്ടോ എന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 03.08.2022 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ഹർജിക്കാരൻ 01.08.2022 ന് രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട മറുപടി നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ്. തുടർന്ന് എസ്.പി.ഐ.ഒ. 3.8.2022 തീയതി നൽകിയ മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 21.08.2022, 30.09.2022 എന്നീ തീയതികളിൽ അപ്പീൽ സമർപ്പിച്ചതായി കാണുന്നു. രണ്ടാം എതിർകക്ഷി 03.10.2022 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച അപ്പീലിലോ, 30.9.2022 തീയതിയിൽ ടി കാര്യാലയത്തിൽ നടത്തിയ ഹിയറിംഗിലോ ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം എസ്.പി.ഐ.ഒ. നൽകിയ മറുപടി സംബന്ധിച്ച് ആക്ഷേപമൊന്നും ഉന്നയിച്ചിട്ടില്ലെന്നും ടി അപേക്ഷയ്ക്ക് ആധാരമായ മുൻ ഫയലിൽ, അപേക്ഷകന് അനുകൂലമായി നടപടി സ്വീകരിക്കണമെന്ന ആവശ്യമാണ് ഉന്നയിച്ചതെന്നും ആയത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടു വരുന്നതല്ല എന്നു കാണുന്നു എന്നും ശ്രീ.സി.വി.രാജൻ സമർപ്പിച്ച അപ്പീലിൽ മറ്റെന്തെങ്കിലും

നടപടി കൈക്കൊള്ളേണ്ടതില്ല എന്നതിനാൽ അപ്പീൽ തള്ളി ഉത്തരവായിട്ടുള്ളതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 20.01.2023 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ.രാജൻ സി.വി വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുള്ളതും ടി മറുപടി തൃപ്തികരമല്ല എന്നാരോപിച്ചാണ് അപ്പീൽ നൽകിയിട്ടുള്ളതും ടി അപ്പീൽ അപേക്ഷയിൽ വ്യക്തത വരുത്തുന്നതിനായി ഹർജിക്കാരനെ 30.9.2022-ന് നേരിൽ കേട്ടിട്ടുള്ളതാണെന്നും ആയതുപ്രകാരം എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ യാതൊരുവിധ ആക്ഷേപവും അപേക്ഷകൻ ഉന്നയിച്ചിട്ടുള്ളതല്ലെന്നും വിവരാവകാശ അപേക്ഷയ്ക്ക് ആധാരമായ ഫയലിൽ അപേക്ഷകന് അനുകൂലമായ നടപടി സ്വീകരിക്കണം എന്ന് മാത്രമാണ് ടി ഹിയറിംഗിൽ ടിയാൻ ആവശ്യപ്പെട്ടിട്ടുള്ളതെന്നും അപ്പീൽ അധികാരിയുടെ നടപടിക്രമത്തിൽ അപാകത ആരോപിച്ചാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതെന്നും എസ്.പി.ഐ.ഒ.യോ അപ്പീൽ അധികാരിയോ വിവരാവകാശ നിയമത്തിൽ വീഴ്ച വരുത്തിയിട്ടുള്ളതായി പരാതിപ്പെട്ടിട്ടുള്ളതല്ലെന്നും ടിയാൻ ടി കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ള വഴി തർക്കവുമായി ബന്ധപ്പെട്ട് അപേക്ഷകന് അനുകൂലമായി നടപടി കൈക്കൊള്ളുന്നതിന് കഴിയുന്നതല്ല എന്ന് കണ്ട് അപേക്ഷ തീർപ്പാക്കിയിട്ടുള്ളതുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിന്റെയും ഹർജിക്കാരനെ ഫോൺ മുഖേനയും എതിർകക്ഷികളെ വീഡിയോ കോൺഫറൻസിലൂടെയും നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ അപ്പീൽ ഹർജിക്കാരനായ ശ്രീ. സി.വി. രാജൻ സമർപ്പിച്ച മൂന്ന് ഇനങ്ങളടങ്ങിയ വിവരാവകാശ അപേക്ഷയ്ക്ക് പരാമർശിത കാലയളവിലെ സീനിയർ സൂപ്രണ്ടും എസ്.പി.ഐ.ഒ.യുമായ ശ്രീ. അജയകുമാർ വളരെ ലാഘവത്തോടു കൂടിയ മറുപടിയാണ് നൽകിയതെന്ന് കമ്മീഷൻ വിലയിരുത്തുന്നു. നിലവിലെ എസ്.പി.ഐ.ഒ. ശ്രീ. വിനോദ് ഇക്കാര്യം അംഗീകരിച്ചിട്ടുണ്ട്. സ്വന്തം ഭൂമി പ്രമാണത്തിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കനുസരിച്ചുള്ള വിസ്തീർണ്ണം ഇല്ലാ എന്ന് ബോധ്യപ്പെട്ടതിനാലാണ് ഹർജിക്കാരൻ സമീപത്തുള്ള ഭൂമിയിൽ അത് ഉൾപ്പെട്ടിട്ടുണ്ടോയെന്നും അങ്ങനെയെങ്കിൽ തിരിച്ചു ലഭിക്കുവാനുമാണ് ടിയാന്റെ സമീപത്തുള്ള ഭൂമികളുടെ റീസർവ്വേക്ക് മുമ്പുള്ള വിസ്തീർണ്ണവുമായി ബന്ധപ്പെട്ട് വിവരാവകാശ നിയമ പ്രകാരം അപേക്ഷാ വിവരങ്ങൾ ആരാഞ്ഞത്. ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ്സുള്ളതായും ഹർജിക്കാരനായ ശ്രീ. സി.വി.രാജൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി. കോടതിയിൽ സമർപ്പിക്കുവാനാണ് ടിയാൻ വിവരാവകാശ നിയമപ്രകാരം വിവരം

ആവശ്യപ്പെട്ടതെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യുടെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചതായി കമ്മീഷനു ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ വിവരാവകാശ വിഷയത്തിൽ സംഭവിക്കാതിരിക്കാൻ കൂടുതൽ ശ്രദ്ധിക്കണമെന്നും കമ്മീഷൻ ടിയാനോട് നിർദ്ദേശിക്കുന്നു. അതേ സമയം അപ്പീൽ അധികാരി കൂടിയായ ആർ.ഡി.ഒ./സബ് കളക്ടർ ഹർജിക്കാരന്റെ ഭൂമി സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ നൽകുന്നതിന്റെ ഭാഗമായി ടിയാനെ നേരിൽ കാണുകയും വിവരങ്ങൾ നൽകാൻ ശ്രമിച്ചെന്നും കമ്മീഷൻ വിലയിരുത്തുന്നു. എന്നാൽ ഹർജിക്കാരന്റെ പരാതി വിവരാവകാശം വഴി പരിഹരിക്കാൻ കഴിയാത്തതിനാൽ അപ്പീൽ അധികാരിയുടെ ഭാഗത്തു നിന്നുള്ള നടപടികൾക്കും ഒരു പരിധി ഉള്ളതായി കമ്മീഷൻ കാണുന്നു. ഹർജിക്കാരന്റെ നിലവിലെ ഭൂമിയുമായി ബന്ധപ്പെട്ട് പരിഹരിച്ച് എന്തെങ്കിലും വിവരം നൽകാൻ എതിർകക്ഷികൾക്ക് കഴിയുമെങ്കിൽ. ഹർജിക്കാരനെ നേരിൽ കേട്ട വേളയിൽ പരാമർശിച്ചിട്ടുള്ള ബഹു. ഹൈക്കോടതിയുടെ ഉത്തരവുകൾ ഉൾപ്പെടെയുള്ള രേഖകൾ എതിർകക്ഷികൾക്ക് നൽകുന്നതിനും, അതേസമയം ഹർജിക്കാരന് എന്തെങ്കിലും ആവശ്യമുള്ള വിവരങ്ങളും രേഖകളുമുണ്ടെങ്കിൽ ഫീസിടാക്കാതെ പകർപ്പ് ഹർജിക്കാരന് നൽകാൻ കമ്മീഷൻ എതിർകക്ഷികളോട് നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 മാർച്ച് 9–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us